**<u>23/07/2019-ൽ ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു ചേർന്ന ദ്വൈമാസ അവലോകന യോഗ നടപടി ചുരുക്കം</u>**

യോഗം ഉച്ചയ്ക്ക് 2.00 p.m-ന് ഡയറക്ടറുടെ അധ്യക്ഷതയിൽ ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. കഴിഞ്ഞ യോഗത്തിന്റെ നടപടി റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും അതിലെ വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ട മറ്റ് വിഷയങ്ങളും ചുവടെ ചേർക്കുന്നു.

(1) എല്ലാ സ്ഥാപനങ്ങളും മേയ് 31 വരെയുള്ള reconciled expenditure statement July 31-നകം അയച്ചുതരേണ്ടതാണ്.

(നടപടി:- എല്ലാ സ്ഥാപനമേധാവികളും)

(2) മേയ് 31 വരെ ലഭിച്ച speciality treatment-ന്റെ ബില്ലുകൾ ജൂലായ് 31-നകം എത്തിക്കേണ്ടതാണ്.

(നടപടി:- സ്ഥാപനമേധാവികൾ)

(3) എല്ലാ ഡിസ്പെൻസറികൾക്കും 4 മാസം വരെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് വേണ്ടിയുള്ള ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. ആഗസ്റ്റ് 31-നകം ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

(നടപടി:- സ്ഥാപനമേധാവികൾ)

(4) സ്പെഷ്യൽ ഇൻഡന്റ് മുഖാന്തിരം വാങ്ങിക്കുന്ന മരുന്നുകളുടെ ഇൻവോയ്സ് ഒരാഴ്ചയ്ക്കകം തുടർനടപടികൾക്കായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. കാലതാമസം ഉണ്ടാകുന്നതുകൊണ്ട് പല ബില്ലുകളും സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ല.

(നടപടി:- സ്ഥാപനമേധാവികൾ)

(5) ഓരോ സ്ഥാപനങ്ങളിലേയും ഉപകരണങ്ങളുടെ മെയിന്റനൻസ് ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിന്റെ പ്രാരംഭ നടപടിയായി എല്ലാ സ്ഥാപനങ്ങളിലേയും ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. (നടപടി:- സ്ഥാപനമേധാവികൾ)

(6) ചില സ്ഥാപനങ്ങളിൽ ബയോമെഡിക്കൽ വേയ്സ്റ്റ് ഡിസ്പോസലിന്റെ ചെലവ് നൽകാത്തതിനാൽ മറ്റ് സ്ഥാപനങ്ങളെ IMAGE-ൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നില്ല എന്ന് സ്ഥാപനമേധാവികൾ അറിയിക്കുകയുണ്ടായി. ഈ വിവരം റീജിയണൽ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനം എടുത്തു.

(നടപടി:-ഡി2 സെക്ഷൻ)

(7) സ്ഥലപരിമിതികളിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം, പേരൂർക്കട ഡിസ്പെൻസറികൾക്ക് വേണ്ടി പുതിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള നടപടികൾ തുടങ്ങുന്നതിന് റീജിയണൽ ഡയറക്ടറെ അറിയിക്കാൻ തീരുമാനം എടുത്തു. (നടപടി:-എ2 സെക്ഷൻ)

(8) മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതിന് പി.ഡബ്ല്യു.ഡി പറയുന്ന വാടകയ്ക്ക് കെട്ടിടം നൽകുവാൻ കെട്ടിട ഉടമ സമ്മതപത്രം നൽകിയ സാഹചര്യത്തിൽ ഷിഫ്റ്റിംഗിന് വേണ്ടിയുള്ള നടപടികൾ ആരംഭിക്കുവാൻ തീരുമാനം എടുത്തു.

(നടപടി - എ2 സെക്ഷൻ)

(9) ഡിജിറ്റൽ എക്സ്റേ വഴി എടുക്കുന്ന റിപ്പോർട്ട് സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റിലേയ്ക്ക് അയയ്ക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്താൻ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. (നടപടി:- ജോയിന്റ് ഡയറക്ടർ)

(10) രോഗികൾക്ക് ഭക്ഷണം വിളമ്പുന്നതിന് ആവശ്യമായ പ്ലേറ്റുകൾ ആശുപത്രി വികസന സമിതി വഴി വാങ്ങുന്നതിന് തീരുമാനം എടുത്തു. (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)

(11) ഹോസ്പിറ്റലുകളിൽ ആവശ്യമായ ഓപ്പറേഷൻ തീയറ്റർ ടെക്നീഷ്യൻമാരുടെ നിയമനത്തിനായി വിശദമായ പ്രൊപ്പോസൽ തരേണ്ടതാണ്. (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)

(12) 30/06/2019 വരെ തീർപ്പാക്കുവാനുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകളുടെ വിവരം, ആവശ്യപ്പെട്ടിരിക്കുന്ന ഫോർമാറ്റിൽ തന്നെ അയയ്ക്കണമെന്ന് ജോയിന്റ് ഡയറക്ടർ ആവശ്യപ്പെട്ടു. **(നടപടി:- എല്ലാ സ്ഥാപനമേധാവികളും)**

(13) വകുപ്പുമന്ത്രിയുടെ ജില്ലാതല അവലോകന യോഗത്തിന്റെ ഒരുക്കങ്ങൾക്കാവശ്യമായ തുക ആശുപത്രി സൂപ്രണ്ടുമാർക്ക് 2210-01-102-98-34-03 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് നൽകുവാൻ തീരുമാനം എടുത്തു. **(നടപടി – എഫ് 1 സെക്ഷൻ)**

യോഗം 4 മണിക്ക് അവസാനിച്ചു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി – 9.8.19

**23.07.2019-ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ നടന്ന ദ്വൈമാസ അവലോകന യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1 | Dr.Ajita Nair.R | Director of Insurance Medical Services |
| 2 | Dr.M.S.Geetha Devi | Joint Director of Insurance Medical Services |
| 3 | Smt.Kumari Beena.V.T | Senior Administrative Officer |
| 4 | Sri.Jose.K.Baiju | Senior Superintendent, Regional Deputy Director, CZ, Ernakulam |
| 5 | Dr.Leena.V.P | Regional Deputy Director , North Zone, Kozhikode |
| 6 | Dr.R.E.Glastin | Regional Deputy Director , South Zone, Kollam |
| 7 | Dr.Latha Sahadevan | Deputy Director (Ayurveda) Office of DIMS, TVM |
| 8 | Dr.Ajitha.T.P | Deputy Director (Homoeo) Office of DIMS, TVM |
| 9 | Dr.Chandramathy Karunakaran | Medical Superintendent, ESI Hospital, Ernakulam |
| 10 | Dr.S.K.Subramanian | Superintendent, ESI Hospital, Palakkad |
| 11 | Dr.K.K.Radhakrishnan | Superintendent, ESI Hospital, Olarikkara |
| 12 | Dr.Geevan Mathew | Superintendent, ESI Hospital, Vadavathoor |
| 13 | Dr.Harikumar.T.N | Superintendent, ESI Hospital, Alappuzha |
| 14 | Dr.S.Radhakrishnan | State Nodal Officer |
| 15 | Dr.Suganthi Gopinath | Superintendent, ESI Hospital, Peroorkada |
| 16 | Dr.Anilkumar.V.K | Superintendent (i/c), ESI Hospital, Feroke |
| 17 | Dr.Sasi.L | Superintendent, ESI Hospital, Mulamkunnathukavu |

Ajita Nair R

**Director of Insurance Medical Services**